"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം - വിവിധ പ്രചരണ പരിപാടികൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) 2220-60-106-93 ഓട്ട്ഡോർ പബ്ലിസിറ്റി (പ്ലാൻ) ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.152/2025/I&PRD** തിരുവനന്തപുരം, തീയതി, **10-10-2025**

---

പരാമർശം:- 1. സ.ഉ. (സാധാ) നം.54/2025/I&PRD, തീയതി 09-04-2025

2. ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ പ്രൊപ്പോസൽ.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷ പരിപാടിയുടെ വിപുലമായ ഓട്ട്ഡോർ പബ്ലിസിറ്റി പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) 2220-60-106-93 ഓട്ട്ഡോർ പബ്ലിസിറ്റി (പ്ലാൻ) ശീർഷകത്തിൽ നിന്നും ഹോർഡിങ്സ് മുഖാന്തിരം ഉള്ള പരസ്യങ്ങൾക്കായി 1563.50 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) ഹോർഡിംഗുകളുടെ സ്ഥാപനം, പരിപാലനം, ഹോർഡിംഗുകളിൽ പരസ്യം നൽകൽ എന്നിവയ്ക്കായി കുടിശ്ശിക നൽകാനുള്ള 2,35,96,841/- രൂപ ഭരണാനുമതി നല്കിയ 1563.50 ലക്ഷം രൂപയിൽ നിന്നും വഹിക്കുന്നതിനായി പരാമർശം (2) പ്രകാരം ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവിലെ ഇനം നം. 1 (ഹോർഡിങ്സ് മുഖാന്തിരം ഉള്ള പരസ്യങ്ങൾ) നായി ഭരണാനുമതി നൽകിയ 1563.50 ലക്ഷം രൂപയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) ഹോർഡിംഗുകളുടെ സ്ഥാപനം, പരിപാലനം, ഹോർഡിംഗുകളിൽ പരസ്യം നൽകൽ എന്നിവയ്ക്കായി കുടിശ്ശിക ഇനത്തിൽ നൽകാനുള്ള **2,35,96,841/- രൂപ** (രണ്ടു കോടി മുപ്പത്തിയഞ്ചു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ മാത്രം) കൂടി വഹിക്കുന്നതിനായി പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(3) മേൽ ഭേദഗതികളോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 13-10-2025 10:31:13
സെക്ഷൻ ഓഫീസർ

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി വിഭാഗം.

ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി/ പ്ലാനിങ്/ വെബ് & ന്യൂ മീഡിയ)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്

ധനകാര്യവകുപ്പ് / ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ) കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**പകർപ്പ് :-**

ബഹു. മുഖ്യമന്ത്രിയുടെ പി എസ് -ന്

വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്

വകുപ്പ് ഡയറക്ടറുടെ സി എ യ്ക്ക്